**പതിമൂന്നാം കേരളനിയമസഭ**

**പതിനൊന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത** **09.06.2014 -ലെ മറുപടിക്ക്**

**നിയമസഭാ ചോദ്യം നം: 185**

**ചാലക്കുടിയിലെ ഗ്രേഷ്മയുടെ ചികിത്സ പിഴവ് മൂലമുള്ള മരണം**

| **ചോദ്യം** | **മറുപടി** |
| --- | --- |
| **ശ്രീ. ബി.ഡി. ദേവസ്സി** | **ശ്രീ. രമേശ് ചെന്നിത്തല**<br>(ബഹു: ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) |
| (എ) തൃശ്ശൂരിലെ സരോജാ ആശുപത്രിയിൽ വച്ച് മൂക്കിനകത്ത് വളരുന്ന ദശ നീക്കുന്നതിനായി ശസ്ത്രക്രിയയ്ക്ക് മുന്നോടിയായുള്ള അനസ്തേഷ്യയ്ക്ക് വിധേയയായ ചാലക്കുടി, എലഞ്ഞിപ്ര പ്രദേശത്ത്, പുല്ലോക്കാരൻ തോമസിന്റെ മകൾ ഗ്രേഷ്മ അബോധാവസ്ഥയിലാകുകയും പിന്നീട് മരണമടയുകയും ചെയ്ത സംഭവം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) ഗ്രേഷ്മയുടെ മരണം ചികിത്സിച്ച ഡോക്ടർമാരുടെയും, അനസ്തേഷ്യ നൽകിയ ഡോക്ടറുടെയും പിഴവും, അനാസ്ഥയും മൂലമാണെന്ന ബന്ധുക്കളുടെ പരാതിയിൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; | (ബി) ഇതു സംബന്ധിച്ച് തൃശ്ശൂർ ഈസ്റ്റ് പോലീസ് സ്റ്റേഷനിൽ ക്രൈം നമ്പർ 1547/2014 u/s 304(A) IPC പ്രകാരം കേസ് രജിസ്റ്റർ ചെയ്ത് തൃശ്ശൂർ അസിസ്റ്റന്റ് പോലീസ് കമ്മീഷണർ അന്വേഷണം നടത്തി വരുന്നു. |
| (സി) ഗ്രേഷ്മയുടെ മരണത്തിലെ ദുരൂഹത അന്വേഷിച്ച് കുറ്റക്കാർക്കെതിരെ നടപടി സ്വീകരിക്കുവാൻ അടിയന്തിര നടപടികൾ സ്വീകരിക്കുമോ? | (സി) ഇതു സംബന്ധിച്ചുള്ള അന്വേഷണം പൂർത്തിയായിട്ടില്ല. അന്വേഷണം പൂർത്തിയാകുമ്പോൾ മാത്രമേ ഇതു സംബന്ധിച്ച് കൂടുതൽ വിവരങ്ങൾ വെളിവാകുകയുള്ളൂ. |

**സെക്ഷൻ ഓഫീസർ**